# എന്തിന്നു തിരുവോണമേ...

കെ.ആർ. ഇന്ദിര




കർക്കിടകമുള്ളതുകൊണ്ടായിരുന്നു തിരുവോണമുണ്ടായിരുന്നത്. പഞ്ഞം നൽകുന്ന പരഭാഗശോഭയാണ് ഓണത്തിന്റേത്. ഇപ്പോൾ മാത്രമല്ല, പണ്ടും അതങ്ങനെത്തന്നെയായിരുന്നു. അന്തരിച്ച ശ്രീ. ഓ. നാണു ഉപാദ്ധ്യായന്റെ ഏക കവിതാസമാഹാരമായ 'ഗ്രാമീണഗീതയിൽ' നിന്നുള്ള ഈ വരികൾ വായിക്കാം.

'പടിഞ്ഞാറ്റേൻ നാരേണ്ണൻ കേട്ടോച്ചാ, നമ്മുടെ
പടിക്കൽ വച്ചന്നോട് പറകയാണ്.
അരമാസം ചിലാനമങ്ങോട്ട് പോകുമ്പോൾ
തിരുവോണമിങ്ങോട്ടു വന്നു കേറും.
തിരുവോണം വന്നെന്നാലവരുടെ വീടെല്ലാം
വറുമണം ചുറ്റിയടിയ്ക്കും പോലും
കറി വക പലതുമന്നവരുടെയമ്മച്ചി
കടുകു വറുത്തു നിരത്തും പോലും
അവരുടെ സാമ്പാറിൻ കഷണമടുപ്പത്ത-
ങ്ങവനെക്കാൾ പൊക്കത്തിൽ ചാടും പോലും.
പതയുമെണ്ണയ്ക്കകത്തു മുങ്ങിപ്പൊങ്ങി-
പ്പപ്പടം പൊട്ടിച്ചിരിയ്ക്കും പോലും
കരിമുണ്ടു മാറിയന്നവരുടെയമ്മയും
കരവെച്ച കോടിയുടുക്കും പോലും.
തിരുവോണമുണ്ണും മുമ്പവരുടെയുള്ളൊക്കെ
പ്പരമാനന്ദം കൊണ്ടു നിറയും പോലും
വറുമണം പൊങ്ങാതെ മധുരം തികട്ടാതെ
ഒരു നാളുമില്ലല്ലൊ നമ്മൾക്കച്ഛാ
കറിവക നമ്മൾക്ക് പരമൂച്ചാരെന്നും നി-
ന്നൊരു നൂറുകൂട്ടം വിളമ്പുമല്ലൊ.
കസവിട്ട കവണികളണിയറയിൽ പ്പോലീ-
യശയൊക്കെയെന്നും നിന്നാടുമല്ലൊ.
പരമാനന്ദം തരാൻ പിന്നെപ്പൊന്നാവണി-
ത്തിരുവോണമേതാണു നമ്മൾക്കച്ഛാ ?

ഉള്ളൊന്ന് പരമാനന്ദം കൊണ്ട് നിറയണമെങ്കിൽ ഓണം അസുലഭമായിരിയ്ക്കണം. കേരളീയർക്ക് ഓണമില്ലാതായതിൽ അത്ഭുതമില്ല.

മാനുഷരെല്ലാരുമൊന്നുപോലെയായിരുന്ന കാലത്തെക്കുറിച്ചാണ് മാവേലിപ്പാട്ട്. കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ പറഞ്ഞതും അതു തന്നെയായിരുന്നു. ജോലിയുള്ളവനെയും ജോലിയില്ലാത്തവനെയും അവർ തുല്യരാക്കി. തൊഴിൽ ചെയ്യുന്നവനും തൊഴിൽ ചെയ്യാത്തവനും തുല്യവേതനം കൊടുത്തു. മാനുഷർക്ക് ഒന്നുപോലെയിരിക്കുന്ന ഈ ഏർപ്പാട് വേണ്ടെന്നുതോന്നിയതുകൊണ്ടാണല്ലോ അവർ വേറെ വഴിയ്ക്കുപോയത്.

* * *

സൂപ്പർ ലോട്ടോ ഏതു നിമിഷവും അടിച്ചെടുക്കാൻ നിങ്ങൾക്ക് കഴിയുമെന്നും അപ്പോൾ പാക്ക് ചെയ്ത് വെച്ചിരിക്കുന്ന കാറ് വീട്ടിൽ കൊണ്ടുപോകാൻ കഴിയുമെന്നുമാണ് ടി.വി. പരസ്യത്തിലെ വീട്ടുവേലക്കാരി നമുക്ക് കാട്ടിത്തരുന്നത്. ലോട്ടറി അടിച്ചുകഴിഞ്ഞാൽ നിങ്ങൾ എല്ലാവരെയും പോലെയുള്ള ഒരാളല്ല. അത്ക്കും മേലെയുള്ള ഒരാളാണ്. ഈ മോഹവും പ്രതീക്ഷയുമാണ് നിങ്ങളെ സുഖിപ്പിക്കുന്നത്. ലോട്ടറി അടിക്കുന്നത് നാളേക്ക് പകരം മറ്റന്നാളായാലും കുഴപ്പമൊന്നുമില്ല. താങ്ങാനാവാത്ത പണച്ചെലവൊന്നുമില്ലല്ലോ ഈ ഏർപ്പാടിന്. ലോട്ടറി ടിക്കറ്റെടുത്ത് കടം കയറി മുടിഞ്ഞിട്ട് ആരും ഇതുവരെ ആത്മഹത്യ ചെയ്തിട്ടൊന്നുമില്ല. പൊതുവരുത്തമുള്ള ഒരേർപ്പാട് തന്നെ.

* * *

ഇറാഖ് തകർന്നടിയുമ്പോൾ അവിടെ ഭാവിയിൽ ഉണ്ടാവാൻ പോവുന്ന തൊഴിലവസരങ്ങളെയും അവിടെ എത്തിപ്പെടാനുള്ള

മാർഗ്ഗങ്ങളെയും അവിടെ നിന്ന് വാരിയെടുക്കുന്ന പെട്രോ ഡോളറിനെയും നിങ്ങൾ സ്വപ്നം കാണുന്നു. അവിടെ നേരിട്ടേക്കാവുന്ന അരക്ഷിതാവസ്ഥ മറക്കുന്നു. ആപച്ഛങ്കു വെടിയുന്നു. പ്രാണനിൽ കൊതിയില്ലാതാവുന്നു. എന്നും ഈ മനുഷ്യന് ഏറ്റവും മേലെ കയറിനിൽക്കാനാണ് മോഹം. തുല്യത ആർക്ക് വേണം?

തുല്യത എന്നത് വളരെ ആപേക്ഷികമായ സങ്കൽപ്പമാണ്. താഴേയ്ക്കിറങ്ങിക്കൊണ്ട് തുല്യരാവാൻ ഗാന്ധിജി മാത്രമേ ഉണ്ടാവൂ എന്ന് വരാം. നമ്മൾ സാധാരണക്കാർ മുകളിലേക്ക് കയറിക്കൊണ്ട് തുല്യരാവാൻ കാത്തിരിക്കുന്നവരാണ്. 'ഏഴശന്റെ വിപ്ലവം നായരാവലാണ്' എന്നാണ് വി.കെ.എൻ. പറഞ്ഞത്.

അങ്ങനെ ഒന്നുകൊണ്ടും തുല്യരാവാൻ കൊതിക്കാത്ത ഒരു ജനതയ്ക്കെന്തിനാണ് ഓണം? അല്ലെങ്കിൽ ഓണത്തിൽ ആർക്കാണ് തുല്യത ലഭിക്കുന്നത്?

അഞ്ചു സെന്റും അത് നിറയെ വീടുമായി ജീവിക്കുന്ന ശരാശരി മലയാളി ഉദ്യോഗസ്ഥന് ഓണം വരുന്നത് ബോണസ് രൂപത്തിലാണ്. ആ പണം കൊണ്ട് വാങ്ങാവുന്നതെല്ലാം അവൻ/അവൾ വാങ്ങുന്നു. പായ്ക്കറ്റുകളും കിറ്റുകളുമായി ബോണസ്സ് രൂപാന്തരപ്പെടുന്നു. വീട്ടിലെ ഓണത്തെ ടി.വി. യും റേഡിയോയും നിശ്ചയിക്കുന്നു. സർക്കാർ നിശ്ചയിക്കുന്നു. ബഹുരാഷ്ട്ര കുത്തകകൾ നിശ്ചയിക്കുന്നുവെന്നും പറയാം. നിശ്ചയിക്കുന്നത് ആരായാലും നിശ്ചയിക്കപ്പെടുന്ന കാര്യത്തിൽ സവിശേഷതയൊന്നുമില്ല.

എങ്ങിനെയാണൊരു ഓണം ഉണ്ടാക്കേണ്ടത്? ഒരു മിനിമം പരിപാടി ആലോചിക്കട്ടെ. ദാർശനിക പ്രശ്നമൊന്നുമില്ലാത്ത ഒരു പരിപാടി.

*1. ഓണത്തിന് മൂപ്പെത്തിപ്പഴുക്കാൻ തക്കവിധം നാലെഞ്ചു നേന്ത്രക്കുലകളുണ്ടാവാനായ് കന്നിമാസത്തിലെ ആയില്യത്തിൽ തന്നെ വാഴക്കന്ന് നടുക. അഞ്ചു സെന്റുകാർക്കും ചെയ്യാവുന്നതാണിത്.*

*2. അത്തം മുതൽ പൂക്കളം ഇടാൻ കുട്ടികളെ അനുവദിക്കുന്നതിലേക്കായി അവരുടെ ഓണപരീക്ഷ മുൻക്കൂട്ടി നടത്തുക.*

*3. പൂക്കളം കിറ്റുകൾ വാങ്ങി ഇതളുകൾ നുള്ളിപ്പരത്തി ഇന്ത്യാ ഭൂപടത്തിന്റെയും ഒളിമ്പിക് ചിഹ്നത്തിന്റെയും മാതൃകകൾ സൃഷ്ടിക്കുന്ന കുട്ടികൾക്ക് തെച്ചി, മന്ദാരം, തുളസി, പിച്ചകം, ചെമ്പരത്തി, കാക്കപ്പൂ എന്നിങ്ങനെയുള്ള നാടൻപ്പൂക്കൾ നട്ടുവളർത്തിയുണ്ടാക്കികൊടുക്കുക. കൃഷ്ണ കിരീടവും, മഞ്ഞപ്പൂവും കൊണ്ട് പൂക്കളത്തിനും മകുടം ചാർത്തുന്ന ചാരുത കാട്ടിക്കൊടുക്കുക.*


*4. വിഭവ സമൃദ്ധമായ സദ്യയൊരുക്കാനായി വീട്ടിലെ പെണ്ണുങ്ങൾ അടുക്കളയിൽ അടച്ചിരിക്കുന്ന ഏർപ്പാട് നിർത്തുക. മിതമായ സദ്യ കുടുംബാംഗങ്ങളെല്ലാവരും കൂടി ഒരുക്കി, എല്ലാവരുമൊന്നിച്ച് ഭക്ഷിച്ച് ശേഷം സമയം ആഹ്ലാദിക്കാനിറങ്ങുക.*

ഈ ഡിമാന്റുകളൊക്കെ അന്തസ്സാരശൂന്യമായി തോന്നുന്നുണ്ടെങ്കിൽ, സന്തോഷം! നിസ്സാരമായി ഈ വിധ കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ നിങ്ങൾക്ക് തടസ്സമൊന്നും തോന്നേണ്ടതില്ലല്ലോ.

അതല്ല, മനുഷ്യാവകാശ പ്രഘോഷണങ്ങളിലൂടെ വേണം കാര്യം അവതരിപ്പിക്കാനെങ്കിൽ രാസവളവും കീടനാശിനിയും കൂടിച്ചേർന്ന് ഉൽപ്പാദിപ്പിച്ചെടുക്കുന്ന നേന്ത്രപ്പഴം മനുഷ്യന് ചെയ്യുന്ന കുലദ്രോഹത്തെക്കുറിച്ചും ഓണക്കാലത്ത് കുട്ടികളെ നിഷ്ക്കരുണം പരീക്ഷിക്കുന്ന അധ്യാപകരുടെ മനുഷ്യത്വരാഹിത്യത്തെക്കുറിച്ചും കുടുംബാംഗങ്ങൾക്ക് ഓണമൊരുക്കാൻ വേണ്ടി അടുക്കളയിൽ സ്വയം ഹോമിക്കുന്ന സ്ത്രീകളുടെ ദൈന്യതയെക്കുറിച്ചും പറയാം. വേണോ?

*പ്രോഗ്രാം എക്സിക്യൂട്ടീവ്, ആകാശവാണി, തൃശൂർ*

**നാട്ടുവിശേഷം** — സുരേഷ് തൃക്കുന്നപ്പുഴ




**മരുന്നിനോടും രോഗത്തിനോടും വേദനയോടും ശസ്ത്രക്രിയയോടും വിട**

ആധുനികവൈദ്യശാസ്ത്രം മാറാമാരകരോഗങ്ങളെന്നും മരിക്കുവോളം മരുന്നുകഴിക്കണമെന്നും പറഞ്ഞെഴുതിത്തള്ളിയ രോഗങ്ങളായ പാർക്കിൻസൺസ്, വിട്ടുമാറാത്ത തലവേദന, പുറംവേദന, സന്ധിവേദന, ആർത്രൈറ്റിസ്, വാതം, ഹൃദ്രോഗം, ആക്സിഡന്റൽ പരാലിസിസ്, കിഡ്നി രോഗം, ഉദരരോഗം, കരൾരോഗം, മദ്യപാനം, അസ്ത്മ, തുമ്മൽ, അലർജി, പ്രഷർ, മൂലക്കുരു, രക്തവാതം, ക്യാൻസർ, സോറിയാസിസ്, പ്രമേഹം, സ്പാസ്റ്റിക് രോഗം, മന്ദബുദ്ധി, വികലാംഗത, ഇൻഫെർട്ടിലിറ്റി, ഇവയുള്ളതിൽ മരുന്നില്ലാതെയും ശസ്ത്രക്രിയയില്ലാതെയും 100%ഗ്യാരണ്ടിയോടെ 10 മുതൽ 90 ദിവസംകൊണ്ട് സുഖമാക്കുന്നു. രോഗപ്പഴക്കവും രോഗിയുടെ പ്രായവും പ്രശ്നമേയല്ല. യോഗ, ഫിസിയോതെറാപ്പി, ആവിചികിത്സ, പ്രകൃതി ചികിത്സ, വ്യായാമം പഠിപ്പിക്കുന്നു.

**ആയുർവേദ പ്രകൃതി സങ്കര ചികിത്സാലയം**

H.O. TC - 48/1013, അരണാട്ടുകര, പടിഞ്ഞാറേ അങ്ങാടി, തൃശൂർ-680618
ഡോ. ഗീത, സുരേഷ്, സോമൻ. ഫോൺ- 0487-2382139
മൊബൈൽ : 9447082131. E-mail : www.somansmethodology.org.

**ആയുർവ്വേദ ചികിത്സ**

തൃശൂർ കേരളവർമ്മ കോളേജ് റോഡിലുള്ള ജില്ലാ സഹകരണ ആയുർവ്വേദ ആശുപത്രിയിൽ നടുവേദന, വാതരോഗങ്ങൾ, ആർത്രൈറ്റിസ്, തളർവാതം, ആമവാതം, വാതദന്തം, എല്ലുതേമാനം തുടങ്ങിയ രോഗങ്ങൾക്ക് വിദഗ്ദ്ധ ആയുർവ്വേദ ചികിത്സ ലഭ്യമാണ്. ഉഴിച്ചിൽ / ധാര, പഞ്ചകർമ്മ ചികിത്സകൾ ആശുപത്രിയിൽ അഡ്മിറ്റായും സൗകര്യപ്രദമായ സമയങ്ങളിൽ ഒ.പി. രൂപത്തിലും ചെയ്യുവാനുള്ള സൗകര്യം.

ഡോ. കെ. മഹേഷ് മേനോൻ, ഡോ. ആഗ്നസ് ക്ലീറ്റസ്
പരിശോധനസമയം : രാവിലെ 9 മുതൽ വൈകീട്ട് 5 വരെ
ഫോൺ : 0487-2380152